ദീപിക
24 November 2017

# വികസന പദ്ധതികൾക്ക് നീതി ആയോഗിന്റെ പിന്തുണയുണ്ടാകും: പ്രഫ. രമേശ് ചന്ദ്

**കൊച്ചി:** ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ സഹായകരമാകുന്ന നൂതന വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനു നീതി ആയോഗിന്റെ പൂർണ പിന്തുണയുണ്ടാകുമെന്നു നീതി ആയോഗ് അംഗവും പ്രമുഖ കാർഷിക സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രഫ. രമേശ് ചന്ദ്. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണസ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. മത്സ്യത്തിനു കുറഞ്ഞ താങ്ങുവില ഏർപ്പെടുത്തുന്നതു മത്സ്യവിലയിൽ ഏറ്റക്കുറച്ചിലുകൾ മൂലമുണ്ടാകുന്ന പ്രതിസന്ധിക്കു ശാശ്വതപരിഹാരമല്ല

വിലത്തകർച്ചയിലൂടെയുള്ള പ്രതിസന്ധി മറികടക്കാൻ മത്സ്യോത്പാദന സംഘങ്ങൾ രൂപീകരിക്കുന്നത് ഗുണകരമാകും. ശരിയായ സാങ്കേതികവിദ്യയിലൂടെ മത്സ്യോത്പാദനവും മൂല്യവർധിത ഉത്പാദനവും വർധിപ്പിക്കണം. തൊഴിലവസരങ്ങൾ വർധിപ്പിക്കുന്ന വ്യവസായ സംരംഭങ്ങൾ ഗ്രാമീണ മേഖലകളിൽ വരണം. കാർഷിക അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന വിദഗ്ധർ ഇതിന് ഊന്നൽ നൽകണമെന്നും പ്രഫ. ചന്ദ് അഭിപ്രായപ്പെട്ടു. സമുദ്രമത്സ്യ മേഖലയിൽ സിഎംഎഫ്ആർഐ നടത്തിവരുന്ന ഗവേഷണപ്രവർത്തനങ്ങളെക്കുറിച്ച് ഡയറക്ടർ ഡോ. എ.ഗോപാലകൃഷ്ണൻ വിശദീകരിച്ചു.